Rao Bhadur A. Rengasvami Aiyar: Government servants are not required to furnish information with regard to their liabilities.

Malpractices in Anchal Offices.

20. ***Mr. J. John Kattakayam** : Will the Government be pleased to state :

(*a*) whether letter boxes kept in any of the Anchal Offices are locked even though they are provided with locks ;

(*b*) whether the Anchal Superintendent insists on this during his inspection ;

(*c*) whether the subordinates of the Anchal Offices are at times used to make money by marking some articles as bearing after removing the stamps on them and by destroying some others; and

(*d*) whether used stamps are at times being affixed and sealed in the place of stamps that are removed ?

Mr. K. Madhava Kurup : (*a*) Yes.

(*b*) Yes.

(*c*) No.

(*d*) Only one such case has been noticed.

Mr. J. John Kattakayam : ഞാൻ സാധാരണ പല അഞ്ചലാഫീസുകളിലും പോസ്റ്റ നോക്കിയിട്ടുണ്ട്. അവിടെയെങ്ങും പെട്ടി പൂട്ടിയിടുന്നതായി കണ്ടിട്ടില്ല. പെട്ടി പൂട്ടിത്തന്നെ വയ്ക്കണ്ടതാണോ എന്നു മെമ്പർ നോക്കിയിട്ടുണ്ടോ?

Mr K. Madhava Kurup: ഞാൻ അഞ്ചലാഫീസിൽപോയി പെട്ടി പൂട്ടിയിട്ടുണ്ടോ എന്നു നോക്കിയിട്ടില്ല. മെമ്പർ അഞ്ചലാഫീസുകാർക്കുള്ളിൽ കയറി നോക്കിയതു് എങ്ങനെയെന്നു മനസ്സിലാകുന്നില്ല. ഇൻസ്പെക്ടരും സൂപ്രണ്ടും സാധാരണ പരിശോധിക്കുമ്പോൾ പെട്ടി പൂട്ടുന്നുണ്ടോ എന്നു നോക്കുന്നുണ്ടു്.

Mr. J. John Kattakayam : പെട്ടിക്കു പൂട്ടും താക്കോലും വച്ചിരിക്കുന്നതു് അതു പൂട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലേ?

Mr. K. Madhava Kurup: അതിനെ സംബന്ധിച്ചു ഇൻസ്പെക്ടർമാർ പ്രത്യേകം നോക്കണമെന്നു ഓർഡർ ഉണ്ടു്. ഇൻസ്പെക്ടർമാരുടെ പരിശോധനാഫാറത്തിൽ ആദ്യത്തെ ചോദ്യങ്ങളിൽ ഒന്നു് പെട്ടി പൂട്ടുന്നതിനെപ്പറ്റിയാണു്.

Mr. J. John Kattakayam: ഇൻസ്പെക്ടർമാർ അങ്ങിനെ ചെയ്യുന്നുണ്ടെന്നാണോ മെമ്പർ പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Madhava Kurup: രൂപപ്രകാരം നടക്കുന്നുണ്ടായിരിക്കണം.

Mr. J. John Kattakayam: റട്ടചെയ്ത സ്റ്റാമ്പ് ഉപയോഗിച്ചതായി ഒരു കേസു കണ്ടുപിടിച്ചു എന്നു പറഞ്ഞു. അത് ആരു എങ്ങിനെ കണ്ടുപിടിച്ചു എന്നു പറയാമോ?

Mr. K. Madhava Kurup: കാട്ടാക്കട അഞ്ചലാഫീസിൽ ഉപയോഗിച്ച ഫീ കാശിന്റെ സ്റ്റാമ്പു ഒരു എഴുത്തിൽ പതിച്ചിരുന്നു. അതു കണ്ടുപിടിക്കയും ഉടനെ പോലീസ് കമ്മീഷണക്കയച്ചു നടപടി നടത്തുന്നതിനു അയയ്ക്കുകയുംചെയ്തു.

Ganja cultivation.

21. * **Mr. J. John Kattakayam**: Will the Government be pleased to state:

(*a*) the total quantity of ganja used per annum in the State;

(*b*) the amount that is now being spent for it;

(*c*) whether ganja plant grows abundantly in our country;

(*d*) whether ganja plants growing in hilly tracts are being destroyed by Government; and

(*e*) the amount that is being expended annually for destroying the same?

Mr. C. O. Madhavan (*Excise Commissioner*): (*a*) The average annual consumption of ganja for the last 5 years is 4685 seers.

(*b*) Bh. Rs. 3-anna 1 per seer.

(*c*) It would grow spontaneously in some of the hilly tracts.

(*d*) Yes.

(*e*) No expenditure is incurred separately and exclusively for the destruction of ganja.

Mr. J. John Kattakayam: ഗഞ്ചാകൃഷി നശിപ്പിച്ചുകളയുന്നതിനു പ്രത്യേകം ചിലവൊന്നുമില്ലെന്നു പറഞ്ഞു. എന്നാൽ ഏതെങ്കിലും വിധത്തിലുള്ള ചിലവ് ഇതുകൊണ്ട് ഉണ്ടാകുന്നുണ്ടോ?

Mr. C. O. Madhavan: ഉള്ള ആളുകളിൽനിന്ന് ഈജോലിക്കു അപ്പോഴപ്പോൾ ചിലരെ അയക്കാറുണ്ട്. അതിലേക്കു പ്രത്യേകചിലവൊന്നുമില്ല.

Audit of accounts of the State Aided Bank.

22. * **Mr. M. N. Paramesvaran Pillai**: Will the Government be pleased to state:

(*a*) whether the accounts of the State Aided Bank have been audited by any certified auditors during 1109, 1110 and 1111, and, if so, when and by whom;

LIBRARY ARCHIVES Kerala Legislative Assembly